# പാദവാർഷിക മാതൃകാചോദ്യപേപ്പർ 2025 – 26

## മാതൃക ചോദ്യപേപ്പർ

## മലയാളം - അടിസ്ഥാനപാഠാവലി

**ക്ലാസ്** – VIII **സമയം** : 1½ **മണിക്കൂർ**

**ആകെ സ്കോർ** : 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. A **അല്ലെങ്കിൽ** B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. 1 സ്കോർ വീതം. (4 x 1 = 4)**

**1.** "നീ എന്തു മടയത്തമാണീ കാണിക്കുന്നത്?" ഇത്തിരിപ്പോന്ന നിനക്ക് ഈ കാട്ടുതീ കെടുത്താനാവുമോ?" മഴദേവന്റെ ഈ വാക്കുകളിൽ തെളിയുന്ന മനോഭാവം എന്ത് ?

**A.** പ്രതീക്ഷ **B.** പരിഹാസം

**C.** പ്രശംസ **D.** പ്രോത്സാഹനം

**2.** "വസന്തത്തിലെ ഊഷ്മളമായ സൂര്യവെളിച്ചത്തിൽ അത് വെയിൽകാഞ്ഞിരുന്നു."
'സൂര്യവെളിച്ചം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

**A.** സൂര്യനും വെളിച്ചവും **B.** സൂര്യനാകുന്ന വെളിച്ചം

**C.** സൂര്യന്റെ വെളിച്ചം **D.** സൂര്യനെപ്പോലെയുള്ള വെളിച്ചം

**3.** മഴയും <u>പൊട്ടിവീണു</u>. അടിവരയിട്ട പദം നൽകുന്ന അർഥസൂചന എന്ത് ?

**A.** ചെറുതായി പെയ്തു **B.** ഇടയ്ക്കിടെ പെയ്തു

**C.** നിർത്താതെ പെയ്തു **D.** പെട്ടെന്ന് പെയ്തു

**4.** ചുവടെ തന്നിരിക്കുന്നവയിൽ 'കുരുവിയും കാട്ടുതീയും' എന്ന പാഠഭാഗത്തിന് യോജിച്ച പ്രസ്താവന ഏത് ?

i. കാട്ടുതീ പടർന്നപ്പോൾ കുരുവി തീ അണയ്ക്കാൻ ശ്രമിച്ചു.
ii. മഴദേവൻ തീ അണയ്ക്കാൻ കുരുവിയെ സഹായിച്ചു.
iii. മഴദേവന്റെ വാക്കുകൾ കേട്ട് കുരുവി തന്റെ പ്രവൃത്തി അവസാനിപ്പിച്ചു.
iv. മഴദേവൻ കുരുവിയെ പരിഹസിച്ചു.

**A.** (i) ഉം (ii) ഉം ശരി

**B.** (i) ഉം (iv) ഉം ശരി

**C.** (ii) ഉം (iii) ഉം ശരി

**D.** എല്ലാം ശരിയാണ്

© State Assessment Cell - SCERT Kerala

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**
**3 സ്കോർ വീതം. (3 x 3 = 9)**

**5.** 'ആ തുറന്ന പ്രദേശത്ത് ഒറ്റയ്ക്കാണ് ദേവദാരു വളർന്നതെങ്കിലും അതിന് ഒരിക്കലും ഏകാന്തത അനുഭവപ്പെട്ടില്ല'.

കൊച്ചു ദേവദാരുവിനെ മനുഷ്യഭാവത്തിലാണോ കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് ? നിങ്ങളുടെ നിരീക്ഷണം കുറിക്കുക.

**6.** ഇരുമരങ്ങളീ വഴിയരികത്ത്
ഒരേ മഴനന,ഞ്ഞൊരേ വെയിൽ കുടി-
ച്ചിരുണ്ട പച്ചിലത്തഴപ്പുമായ് നിൽക്കും
ഒരേ നിലാവു വീണവയുടെ
ഇലത്തലപ്പുകൾ മിന്നും."

(മരങ്ങൾ പൂക്കുന്നത് - റഫീക്ക് അഹമ്മദ്)

'കൊച്ചുദേവദാരുവിന് അത്ര അഴകുണ്ടായിരുന്നു. അതിന്റെ പ്രായത്തിലുള്ള മറ്റു വൃക്ഷത്തൈകളെപ്പോലെ അതും വളർന്നു; വേനലിലെ മഴയിൽ കുളിച്ചും ഹേമന്തത്തിലെ മഞ്ഞുകൊണ്ട് പുതച്ചും.'

(കൊച്ചുദേവദാരു)

രണ്ടു രചനാഭാഗങ്ങളിലും മരങ്ങളെ അവതരിപ്പിച്ചതിന്റെ ഭംഗി കണ്ടെത്തിയെഴുതുക.

**7. (A)** "ഞാൻ എനിക്കാവുന്നത് ചെയ്യുന്നു". ഇത്രയും പറഞ്ഞ് കുരുവി തന്റെ ജോലി തുടർന്നു; തീ തന്റെ ജീവനെടുക്കും വരെ."

കുരുവിയുടെ പ്രവൃത്തി നൽകുന്ന സന്ദേശമെന്ത് ?

**അല്ലെങ്കിൽ**

**(B)** കാറ്റുവരുമ്പോൾ വാതിൽ അടയ്ക്കുക.
വെള്ളം വരുമ്പോൾ വാതിൽ തുറക്കുക.
പ്രകൃതിക്ഷോഭവുമായി ബന്ധിപ്പിച്ച് ഈ നാട്ടറിവുകൾ വിലയിരുത്തുക.

© State Assessment Cell - SCERT Kerala

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**5 സ്കോർ വീതം. (4 x 5 = 20)**

**8.** "പപ്പാ, ഈ കൊച്ചുദേവദാരുമരത്തെ മുറിക്കാതെ നമ്മൾ അതിനെ 'പുതുവർഷമര'മായി അലങ്കരിച്ചത് എത്ര നന്നായി. നല്ല ആശയം തന്നെയിത്. എത്ര മനോഹരമായ കൊച്ചുമരമാണിത്... എല്ലാ പുതുവർഷവും നമ്മൾക്ക് ഈ മരത്തിനെ അലങ്കരിക്കാം."

(കൊച്ചുദേവദാരു)

തന്നിരിക്കുന്ന പാഠസന്ദർഭം വിശകലനം ചെയ്ത് പ്രകൃതിയോട് നമുക്കുണ്ടാവേണ്ട സമീപനം വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

**9.** കാട്ടുതീ പടർന്നപ്പോൾ കുരുവിയും മഴദേവനും ഒരുപോലെയാണോ പ്രതികരിച്ചത്? അവരുടെ സമീപനങ്ങൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**10.** ചുവടെ നൽകിയിരിക്കുന്ന കഥാഭാഗം വായിച്ച് തുടർന്ന് നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

നാട്ടിലെ പൊക്കം കൂടിയ സ്ഥലം ക്ഷേത്രമാണ്. അവിടെ, ദേവൻ കഴുത്തറ്റം വെള്ളത്തിൽ നില്ക്കുന്നു. വെള്ളം! സർവത്ര ജലം! നാട്ടുകാരെല്ലാം കരതേടിപ്പോയി. വീട്ടുകാവലിന് ഒരാൾ, വീട്ടിൽ വള്ളമുണ്ടെങ്കിൽ ഉണ്ട്. ക്ഷേത്രത്തിലെ മൂന്നു മുറിയുള്ള മാളികപ്പുറത്ത് 67 കുട്ടികളുണ്ട്. 356 ആളുകൾ, പട്ടി, പൂച്ച, ആട്, കോഴി മുതലായ വളർത്തുമൃഗങ്ങളും എല്ലാം ഐകമത്യമായി കഴിയുന്നു; ഒരു ശണ്ഠയുമില്ല.
ചേന്നപ്പറയൻ ഒരു രാത്രിയും ഒരു പകലുമായി വെള്ളത്തിൽത്തന്നെ നില്ക്കുന്നു. അവനു വള്ളമില്ല. അവന്റെ തമ്പുരാൻ മൂന്ന് നാളായി, പ്രാണനും കൊണ്ടു കരപറ്റിയിട്ട്. ആദ്യം പുരയ്ക്കകത്തേക്കു വെള്ളം എത്തിനോക്കിത്തുടങ്ങിയപ്പോഴേ മടലും കമ്പും കൊണ്ടു തട്ടും പരണും കെട്ടിയിരുന്നു. വെള്ളം പെട്ടെന്നിറങ്ങുമെന്നു കരുതി രണ്ടുദിവസം അതിൽ കുത്തിയിരുന്നു. അവിടെ നിന്നും പോയാൽ അവയെല്ലാം ആണുങ്ങൾ കൊണ്ടു പോകുകയും ചെയ്യും.
ഇപ്പോൾ തട്ടിന്റെയും പരണിന്റെയും മുകളിൽ മുട്ടറ്റം വെള്ളമുണ്ട്. മേൽക്കൂരയുടെ രണ്ടുവരി ഓല വെള്ളത്തിനടിയിലാണ്. അകത്തു കിടന്നു ചേന്നൻ വിളിച്ചു. ആരു വിളി കേൾക്കും? അടുത്താരുണ്ട്? ഗർഭിണിയായ ഒരു പറച്ചി, നാലു കുട്ടികൾ, ഒരു പൂച്ച, ഒരു പട്ടി ഇത്രയും ജീവികൾ അവനെ ആശ്രയിച്ചിട്ടുമുണ്ട്. പുരയ്ക്ക് മുകളിൽക്കൂടി വെള്ളം ഒഴുകാൻ മുപ്പതു നാഴിക വേണ്ടെന്നും, തന്റെയും കുടുംബത്തിന്റെയും അവസാനമടുത്തുവെന്നും അവൻ തീർച്ചപ്പെടുത്തി. ഭയങ്കരമായ മഴ തോർന്നിട്ടു മൂന്നു ദിവസമായി. കൂരയുടെ ഓല പൊളിച്ചു ചേന്നൻ ഒരു കണക്കിൽ പുറത്തിറങ്ങി. നാലുചുറ്റിനും നോക്കി. വടക്ക് ഒരു കെട്ടുവള്ളം പോകുന്നു. അത്യുച്ചത്തിൽ ചേന്നപ്പറയൻ വള്ളക്കാരെ കൂകിവിളിച്ചു. വള്ളക്കാർക്ക്, ഭാഗ്യം കൊണ്ടു കാര്യം മനസ്സിലായി. അവർ വള്ളം കൊട്ടിലിനുനേർക്കു തിരിച്ചു. കിടാങ്ങളെയും പെണ്ണാളിനേയും പട്ടിയേയും പൂച്ചയേയും പുരയുടെ വാരിക്കിടയിൽക്കൂടി ഓരോന്നായി ചേന്നൻ വലിച്ചു വെളിയിലിട്ടു. അപ്പോഴേക്കു വള്ളവും വന്നടുത്തു.

**വെള്ളപ്പൊക്കത്തിൽ**

**തകഴി**

i. ആളുകളും വളർത്തുമൃഗങ്ങളും എല്ലാം ഒരു ശണ്ഠയുമില്ലാതെ ഐക്യത്തോടെ കഴിയാൻ ഇടയാക്കിയ സാഹചര്യമെന്ത്?

**(1 സ്കോർ)**

ii. പ്രതിസന്ധിയുണ്ടായിട്ടും ചേന്നപ്പറയൻ കൂരയ്ക്ക് പുറത്ത് പോകാതിരുന്നത് എന്തുകൊണ്ട്?

**(2 സ്കോർ)**

iii. ചേന്നപ്പറയന്റെ അപകടാവസ്ഥയ്ക്ക് കാരണം വെള്ളപ്പൊക്കം മാത്രമാണോ? നിങ്ങളുടെ അഭിപ്രായം കുറിക്കുക. **(2 സ്കോർ)**

© State Assessment Cell - SCERT Kerala

**11.(A)** കുരുവിയും കാട്ടുതീയും എന്ന പാഠഭാഗത്തിന്റ പശ്ചാത്തലത്തിൽ കുരുവിയും കാട്ടിലെ ഒരു മരവും തമ്മിൽ നടക്കാൻ സാധ്യതയുള്ള സംഭാഷണം സങ്കല്പിച്ച് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** "ഇടനാഴികളിലാണ് വെള്ളത്തിന്റെ കുത്തും തള്ളലും ഏറെ ശക്തമായത്. എല്ലാവരും മുകളിലെത്തി. പാത്രങ്ങളും മുകളിലേക്കു കയറ്റി. വെള്ളവും കോണിപ്പടി കയറിവരാൻ തുടങ്ങി. ജീവൻ രക്ഷിക്കാനുള്ള വഴിയെക്കുറിച്ചുമാത്രമായി ചിന്ത."

(പെരുമഴയത്ത്)

വെള്ളപ്പൊക്കത്തിന്റെ ഓർമ്മകൾ പങ്കുവയ്ക്കുന്ന ഈ ലേഖനഭാഗം അടിസ്ഥാനമാക്കി ഉചിതമായ തലക്കെട്ട് നൽകി ഒരു പത്രവാർത്ത തയ്യാറാക്കുക.


**താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. (7 സ്കോർ)**

**12. (A)**










കാർട്ടൂണുകളും വാർത്തയും ശ്രദ്ധിച്ചല്ലോ. സമകാലികസംഭവങ്ങൾ കൂടി വിശകലനം ചെയ്ത് 'ലഹരിയും സൈബർ ലോകവും ഒരുക്കുന്ന കെണികൾ' എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനുള്ള പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** പ്രകൃതിയിൽ നിന്നുമെടുത്താൽ മതിയോ ? കൊടുക്കുകയും വേണ്ടേ ?

മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനയും 'കുരുവിയും കാട്ടുതീയും' കൊച്ചുദേവദാരു എന്നീ പാഠഭാഗങ്ങളിലെ ആശയവും വിശകലനം ചെയ്ത് പ്രകൃതിയോടുണ്ടാവേണ്ട മനോഭാവം എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.



© State Assessment Cell - SCERT Kerala